പതിനാലാം കേരളനിയമസഭ

# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3188 — 10/12/2018 ലെ മറുപടി

## സമഗ്ര പഠന സഹായ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>,, ജോൺ ഫെർണാണ്ടസ്<br>,, സി. കെ. ശശീന്ദ്രൻ<br>ശ്രീമതി.വീണാ ജോർജ്ജ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) പൊതു സ്കൂളുകളുടെ ഭൗതിക പരിസരം നവീകരിച്ച് ഗുണമേന്മയുള്ള സൗജന്യ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനു വേണ്ട അടിസ്ഥാനം സൃഷ്ടിച്ചു കഴിഞ്ഞതിന്റെ തുടർച്ചയായി ഓരോ കുട്ടിയുടെയും വ്യത്യസ്ത കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വേണ്ട പഠന പ്രവർത്തനം ഒരുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; തദനുസൃതമായ മാറ്റം മൂല്യനിർണയ സമ്പ്രദായത്തിൽ വരുത്താൻ സാധ്യമായിട്ടുണ്ടോ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓരോ കുട്ടിയേയും പരിഗണിച്ചുകൊണ്ട് എങ്ങനെയാണ് പാഠാസൂത്രണം നടത്തേണ്ടത് എന്നതിന്റെ മാതൃക പാഠാസൂത്രണങ്ങൾ സമഗ്ര പോർട്ടൽ വഴി എല്ലാ അദ്ധ്യാപർക്കും ലഭ്യമാക്കി. ഇതെങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ച് അവധിക്കാലത്ത് തന്നെ അധ്യാപകർക്ക് പരിശീലനം നൽകി. ഇതോടൊപ്പം നിരന്തരവും സമഗ്രവുമായ മൂല്യ നിർണ്ണയ സമ്പ്രദായത്തെക്കുറിച്ചും ആ മേഖലയിൽ വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും അധ്യാപകർക്ക് പരിശീലനം നൽകി. ക്ലാസ് മുറികളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങളെ നേരിൽ കണ്ട് മനസ്സിലാക്കാനും പിന്തുണ നൽകാനും ജില്ലാ/സബ് ജില്ലാ തലങ്ങളിൽ അക്കാദിമിക മോണിറ്ററിംഗ് സംവിധാനം ശക്തമാക്കി. |
| (ബി) ഓരോ വിദ്യാർത്ഥിയുടെയും സവിശേഷ കഴിവുകളും സർഗ്ഗാത്മകതയും പരിപോഷിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാധിഷ്ഠിതമായ സമഗ്ര പഠന സഹായ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; | (ബി) അധ്യാപകർക്ക് ആവശ്യമായ പാഠാസൂത്രങ്ങൾ ക്ലാസ് മുറിയിൽ ഉപയോഗപ്പെടുത്താവുന്ന ഡിജിറ്റൽ പഠന വിഭവങ്ങൾ വൈവിധ്യമാർന്ന ചോദ്യമാതൃകകൾ, മൂല്യ നിർണ്ണയത്തിന് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തി വികസിപ്പിച്ചു കൊണ്ടിരിക്കുന്ന ഡിജിറ്റൽ അക്കാദമിക പ്ലാറ്റ്ഫോമാണ് സമഗ്ര. ഇതിൽ നിന്നും അധ്യാപകർക്ക് പാഠാസൂത്രങ്ങൾ ഡൗൺലോഡ് ചെയ്യാനും ആവശ്യമായ മാറ്റങ്ങൾ വരുത്തി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ക്ലാസ് മുറികളിൽ ഉപയോഗിക്കാനും അവസരം ഉണ്ട്. |
| (സി) വൈജ്ഞാനിക മികവ് നേടുന്നതിനോടൊപ്പം തന്നെ സാമൂഹ്യ പുരോഗതി കൂടി സാധ്യമാക്കുന്ന തരത്തിൽ ഭരണഘടന മൂല്യങ്ങൾ, പരിസ്ഥിതി | (സി) ഉണ്ട്. പാഠപുസ്തകം മുഖ്യഉപാധിയായി ഉപയോഗിച്ചുകൊണ്ട് ഈ ആശയങ്ങൾ കുട്ടികൾക്ക് നേരിട്ട് പകർന്ന് നൽകും വിധം ഭാഷാവിഷയങ്ങളുടെ ഉള്ളടക്കം ക്രമീകരിക്കും. |

| | |
|---|---|
| സംരക്ഷണാവബോധം, നവോത്ഥാന മൂല്യങ്ങൾ എന്നിവ വിദ്യാർത്ഥികളിൽ സൃഷ്ടിക്കാൻ പരിപാടിയുണ്ടോ; വിശദീകരിക്കുമോ? | ആധ്യാപക സഹായത്തോടു കൂടി മൂല്യാവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നതിന് പരിശീലനവും അധികവായനാ സാമഗ്രികളും എസ്.സി.ഇ.ആർ.ടി വികസിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ